മാതൃഭൂമി
സത്യം സമത്വം സ്വാതന്ത്ര്യം

1173 ചിങ്ങം 22 ഞായറാഴ്ച
ശകാബ്ദം 1919 ഭാദ്രം 16 — 1418 ജ: ഉൽ അവ്വൽ 5

എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കുന്നു
—ബൈബിൾ

ഇന്ത്യ കരുതിയിരിക്കണം

ഇന്ത്യക്ക് അടുത്തകൊല്ലം അമേരിക്ക നൽകുന്ന വികസന സഹായം നാലിലൊന്നു കുറയ്ക്കാൻ അമേരിക്കൻ കോൺഗ്രസിൻെറ (പാർലമെൻറ്) അധോമണ്ഡലമായ ജനപ്രതിനിധിസഭയിൽ റിപ്പബ്ലിക്കൻ അംഗമായ ഡാൻ ബർട്ടൺ നടത്തിയ ശ്രമം പരാജയപ്പെട്ടത് അപ്രതീക്ഷിതമല്ല. ഖാലിസ്ഥാൻെറയോ കാശ്മീരിൻെറയോ എന്തിൻെറയെങ്കിലും പേരുപറഞ്ഞ് സഭയിൽ ഇന്ത്യക്കെതിരെ പ്രമേയങ്ങൾ കൊണ്ടുവരുകയെന്നത് ബർട്ടൻെറ ഒരു വാർഷികപരിപാടിയാണ്. അദ്ദേഹം ജയിക്കാറില്ല; ഇത്തവണയും ജയിച്ചില്ല—അത്രതന്നെ. ജയിച്ചിരുന്നെങ്കിലോ? 9000 ലക്ഷത്തിലധികം ആളുകളുള്ള ഇന്ത്യക്ക് 560 ലക്ഷം ഡോളറാണ് വികസന വായ്പയായി അമേരിക്ക തരുന്നത്. രൂപക്കണക്കിലാണെങ്കിൽ, ആളോഹരി ഏതാണ്ട് രണ്ടു രൂപ. അത് നാലിലൊന്നു കുറച്ചാൽ 420 ലക്ഷം ഡോളറാകും. ആളോഹരി ഏതാണ്ട് 50 പൈസ കുറയും. ഇന്ത്യയെസംബന്ധിച്ചിടത്തോളം ഇത് അത്രവലിയ കാര്യമൊന്നുമല്ല. അത് ബർട്ടണും അറിയാം. അതുകൊണ്ടാണ്, ഇന്ത്യക്കു നൽകുന്ന സഹായം വെട്ടിക്കുറച്ചാൽ അത് മറ്റു രാജ്യങ്ങൾക്കാണ് ശക്തമായൊരു മുന്നറിയിപ്പാകുക എന്നദ്ദേഹം പറഞ്ഞത്. മൊത്തം 123000 ലക്ഷം ഡോളറിൻെറ വിദേശച്ചെലവാണ് 430 അംഗങ്ങളുള്ള സഭയുടെ പരിഗണനയിലുള്ളത്. അതിൽ 122440 ലക്ഷവും മറ്റു രാജ്യങ്ങൾക്കാണ്. അമേരിക്കയുടെ ഇഷ്ടാനിഷ്ടങ്ങൾക്കു വഴങ്ങാതിരുന്നാൽ ഇതാണ് ഫലമെന്ന്, ഇന്ത്യയെ ചൂണ്ടിക്കാണിച്ചുകൊണ്ട്, മറ്റു രാജ്യങ്ങളെ ഭീഷണിപ്പെടുത്താം. ഇതാണ് ബർട്ടൺ പറയുന്ന ശക്തമായ സൂചന, അഥവാ മുന്നറിയിപ്പ്. അതു ഫലിച്ചില്ല. അദ്ദേഹത്തിൻെറ ഭേദഗതിപ്രമേയം, 82നെതിരെ 342 വോട്ടോടെ, സഭ തള്ളിക്കളഞ്ഞു. ഇന്ത്യയുമായി നല്ല ബന്ധം പുലർത്തണം എന്നാഗ്രഹിക്കുന്ന അമേരിക്കൻ ഭൂരിപക്ഷത്തിൻെറ വൻ വിജയമാണിതെങ്കിലും 82 പേർ ആ ഇന്ത്യാവിരുദ്ധ പ്രമേയത്തെ അനുകൂലിക്കാൻ ഉണ്ടായി എന്നത് ഇന്ത്യ ശ്രദ്ധിക്കേണ്ട കാര്യമാണ്.

മനുഷ്യാവകാശങ്ങൾ ഏറ്റവുമധികം ലംഘിക്കുന്ന രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യ എന്നാണ് ബർട്ടൻെറ ആരോപണം. ഇന്ത്യയിൽ എന്താണു നടക്കുന്നതെന്ന് ആരും അറിയുന്നില്ല; മനുഷ്യാവകാശലംഘനം നടക്കുന്ന സ്ഥലങ്ങളിലേക്ക് ആംനെസ്റ്റി ഇൻറർനാഷണലിനെയോ, ഇൻറർനാഷണൽ റെഡ്ക്രോസിനെയോ ഇന്ത്യ പ്രവേശിപ്പിക്കുന്നില്ല; അവിടെ നടക്കുന്ന ക്രൂരകൃത്യങ്ങളെ അമേരിക്ക മാപ്പാക്കരുത്—ഇങ്ങനെ പോകുന്നു ബർട്ടൻെറ വാദങ്ങൾ. അമേരിക്കയ്ക്ക് ചൈനയെയും ഇൻഡൊനേഷ്യയെയും ബോസ്നിയയെയും ക്രൊയേഷ്യയെയും സെർബിയയെയും സഖ്യരാജ്യമായ തുർക്കിയെയുംകൂടി ശാസിക്കാമെങ്കിൽ, ഇന്ത്യയിലെ സ്ഥിതിയും ശ്രദ്ധിക്കാതിരിക്കാൻ പറ്റില്ല എന്നദ്ദേഹം പറയുന്നു. ഇന്ത്യയെസംബന്ധിച്ചിടത്തോളം തികച്ചും പ്രകോപനപരമായ ഈ പ്രലപനത്തെ അനുകൂലിച്ചു സംസാരിക്കാൻ അധികമാരും ഉണ്ടായില്ല എന്നത് ശ്രദ്ധേയമാണ്. എതിർത്തവരാകട്ടെ, കുറിക്കുകൊള്ളുന്ന മറുപടി കൊടുക്കുകയുംചെയ്തു. അങ്ങുമിങ്ങും ചിലർ ചെയ്തേക്കാവുന്ന തെറ്റിന് ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യത്തിനെയാകെ ശിക്ഷിക്കുന്നതാണ് ബർട്ടൻെറ ഭേദഗതിയെന്ന് ന്യൂയോർക്കിൽനിന്നുള്ള കോൺഗ്രസ് അംഗം ഗാരി അക്കർമാൻ പറഞ്ഞു. ഒരു ജനാധിപത്യരാജ്യം മറ്റൊരു ജനാധിപത്യരാജ്യത്തോട് പെരുമാറേണ്ടത് ഇങ്ങനെയല്ല എന്നു പറഞ്ഞുകൊണ്ട്, മനുഷ്യാവകാശധ്വംസനങ്ങളെപ്പറ്റി പറയുന്ന ആ 'മാന്യൻ' (ബർട്ടൺ) ആ രംഗത്ത് ഇന്ത്യക്കുണ്ടായിട്ടുള്ള യഥാർഥ പുരോഗതിയെ അവഗണിക്കുകയാണെന്ന് അദ്ദേഹം കുറ്റപ്പെടുത്തി. ഇന്ത്യ പക്വതവന്ന ജനാധിപത്യരാജ്യമാണ്. എല്ലാ അർഥത്തിലും അവിടെ ജനാധിപത്യം പ്രവർത്തനക്ഷമമാണ്. പത്രങ്ങൾക്ക് സ്വാതന്ത്ര്യമുണ്ട്. മനുഷ്യാവകാശധ്വംസനം എവിടെയുണ്ടായാലും, അവ വിമർശിക്കുന്നു. പട്ടാളം സിവിലിയൻ നിയന്ത്രണത്തിലാണ്. ജുഡീഷ്യറി സ്വതന്ത്രമാണ്. രാഷ്ട്രീയകക്ഷികളും പൗരസംഘടനകളും തികച്ചും സക്രിയമാണ്''. അങ്ങനെയുള്ള ഇന്ത്യയും അമേരിക്കയും തമ്മിൽ നല്ല ബന്ധങ്ങൾ പൂവിടുന്ന സമയത്ത് ഇന്ത്യയെ വഷളാക്കാൻ കരുതിക്കൂട്ടിച്ചെയ്യുന്ന ശ്രമമാണ് ബർട്ടൻെറ ഭേദഗതി എന്നാക്ഷേപിച്ചുകൊണ്ട്, ഏറ്റവും പഴയ ജനാധിപത്യരാജ്യം ഏറ്റവും വലിയ ജനാധിപത്യരാജ്യത്തിനെതിരെ സാമ്പത്തികശിക്ഷാനടപടിയെടുത്തുകൂടാ എന്ന് അക്കർമാൻ പറഞ്ഞു. ഒരുപടികൂടി കടന്നതായിരുന്നു ന്യൂജഴ്സിയിൽനിന്നുള്ള ഡമോക്രാറ്റിക് അംഗമായ ഫ്രാങ്ക് പല്ലോണിൻെറ വിമർശനം. ഇന്ത്യയിലെ സ്ഥിതിയെപ്പറ്റി കാലഹരണപ്പെട്ടതും അത്യുക്തിപരവും ശരിയല്ലാത്തതുമായ വിവരമാണ് ആ ഇന്ത്യാനാ റിപ്പബ്ലിക്കൻ (ബർട്ടൺ) സഭയ്ക്കു നൽകിയതെന്ന് ആക്ഷേപിച്ചുകൊണ്ട്, അദ്ദേഹം പറഞ്ഞു: ''സത്യം നേരെമറിച്ചാണ്. ലോകചരിത്രത്തിൽ ഏറ്റവും വലിയ ജനാധിപത്യ തിരഞ്ഞെടുപ്പാണ് കഴിഞ്ഞകൊല്ലം ഇന്ത്യയിൽ നടന്നത്. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യത്തിനെ വഷളാക്കുന്നൊരു ഭേദഗതി അംഗീകരിച്ചാൽ, അത് എന്തു സൂചനയാണ് മറ്റുള്ളവർക്കു നൽകുക? ഭയങ്കരമായിരിക്കും, ഏതായാലും, ആ സൂചന.'' ഇന്ത്യ ഒരു ദേശീയ മനുഷ്യാവകാശക്കമ്മീഷനെ നിയമിച്ചിട്ടുണ്ട്. മൂന്നു കൊല്ലമായി, ആ രംഗത്ത് വലിയ പുരോഗതി ഉണ്ടായിട്ടുമുണ്ട്. മനുഷ്യാവകാശലംഘനം തടയാൻ ഇന്ത്യ എടുത്തിട്ടുള്ള നടപടികൾ അയൽരാജ്യങ്ങൾ, വിശേഷിച്ച് പാകിസ്ഥാനും ചൈനയും, എടുത്തിട്ടുള്ള നടപടികളെക്കാൾ എത്രയോ മേന്മയുള്ളവയാണ് എന്നദ്ദേഹം വ്യക്തമാക്കി.

ഇന്ത്യക്കെതിരെ പാകിസ്ഥാൻ അന്താരാഷ്ട്രവേദികളിൽ നടത്തിയിരുന്ന ദുഷ്പ്രചാരണങ്ങളിൽ ഒന്നാണ് മനുഷ്യാവകാശ ധ്വംസനാരോപണം. പ്രസിഡണ്ട് ക്ലിൻറൻെറ അമേരിക്ക അതേറ്റുപിടിക്കുന്നതിൽ അസാമാന്യമായ താത്പര്യം കാണിച്ചു. അതിനു കാരണമുണ്ട്. 'അണ്വായുധനിരോധം, ആണവപരീക്ഷണനിരോധസഖ്യം, ലോകവ്യാപാരസംഘടനയുടെ പ്രവർത്തനം മുതലായവയിൽ അമേരിക്കയുടെ ഹിതാഹിതങ്ങൾക്ക് പൂർണമായി വഴങ്ങാൻ ഇന്ത്യയെ നിർബന്ധമാക്കുക എന്നതായിരുന്നു ലക്ഷ്യം. ഏകകക്ഷിഭരണം മാറി, പതിന്നാലു കക്ഷികൾ ചേർന്നുള്ള കൂട്ടുഭരണം ദില്ലിയിൽ വന്നിട്ടും, ഇന്ത്യയുടെ സ്വതന്ത്രവും തത്ത്വാധിഷ്ഠിതവുമായ നിലപാടിനു മാറ്റംവന്നില്ലെന്നു കണ്ട പ്രസിഡണ്ട് ക്ലിൻറൺ, ഇപ്പോൾ ഈ രാജ്യവുമായി ഉറച്ച സുഹൃദ്ബന്ധം സ്ഥാപിക്കാൻ സന്നദ്ധനാവുകയാണ്. പ്രധാനമന്ത്രി ഗുജ്റാളും പ്രസിഡണ്ട് ക്ലിൻറണും തമ്മിൽ ഈ മാസം നടക്കാൻപോകുന്ന സംഭാഷണം ഇന്ത്യയുടെ വ്യവസ്ഥയനുസരിച്ചാണ് നടക്കുക എന്നുവന്നിരിക്കുന്നു. അമേരിക്കയിലെ ഇന്ത്യാവിരുദ്ധ ഉപശാലകൾക്ക് സഹിക്കാനാവാത്തതാണിത്. എങ്ങനെയെങ്കിലും ഇന്ത്യയെ ക്ഷോഭിപ്പിച്ച്, ഇന്ത്യാ—അമേരിക്കാ ബന്ധം കലക്കാൻ അവർ നടത്തുന്ന അവസാന ശ്രമമാണ് ജനപ്രതിനിധിസഭയിൽ കണ്ടത്. ഇന്ത്യയുടെയും ജനാധിപത്യത്തിൻെറയും നന്മ കാംക്ഷിക്കുന്ന വിവേകികൾക്ക് ഭൂരിപക്ഷം ഉള്ളതുകൊണ്ട് തത്കാലം അതു ഫലിച്ചില്ല എന്നേയുള്ളു. ഇന്ത്യ കരുതിയിരിക്കണം. മറുഭാഗം വെറുതെയിരിക്കില്ല. അവർ ഇനിയും മനുഷ്യാവകാശപ്രശ്നം കുത്തിപ്പൊക്കും. അവരെ ഒരുകാര്യം ധരിപ്പിക്കേണ്ടതുണ്ട്: ഇന്ത്യയിൽ അടിച്ചമർത്തപ്പെടുന്നത് മനുഷ്യാവകാശങ്ങളല്ല, നിരപരാധികൾക്ക് സമാധാനപൂർവം ജീവിക്കാനുള്ള അവകാശത്തെ ധ്വംസിക്കുന്ന ഉഗ്രവാദികളുടെ അവകാശമാണ്. ആ അവകാശം ജനാധിപത്യത്തിൽ അനുവദനീയമല്ല.

മാതൃഭൂമി പഴയ താളുകളിൽനിന്ന്

''ഇന്ത്യയിലെ മുഴുവൻ പൗരനാണ് ഞാൻ''

ഗാന്ധിജിയുടെ പ്രസ്താവന

കൽക്കത്ത, ആഗസ്റ്റ് 9

ഗാന്ധിജിയും സംഘവും ഇന്നു രാവിലെ പാറ്റ്നയിൽനിന്നു ഇവിടെ എത്തി സോഡെപൂർ ആശ്രമത്തിൽ താമസിച്ചുവരുന്നു. പ്രധാനമന്ത്രി ഡോ. പി.സി. ഘോഷ് ഗാന്ധിജിയുമായി കൂടിയാലോചന നടത്തി.

പാറ്റ്ന, ആഗസ്റ്റ് 8

''ഇന്ത്യയിലെ മുഴുവൻ പൗരനാണ് താൻ. ഇന്ത്യ ഭാഗിച്ചിട്ടുള്ളത് തന്നെ ബാധിക്കുന്നതല്ല. ഭിന്നസമുദായങ്ങൾ തമ്മിൽ ഇനി വഴക്കടിക്കേണ്ട ആവശ്യമില്ല എന്ന ജിന്നയുടെ പ്രസ്താവനയെ താൻ ഓർക്കുന്നുണ്ട്'' എന്ന് ഗാന്ധിജി പ്രസ്താവിച്ചിരിക്കുന്നു.

സെമീന്ദാർമാർ അവരുടെ ഭൂസ്വത്തുക്കൾ ഉപേക്ഷിക്കേണ്ടതാണെന്ന് ഗാന്ധിജി ഉപദേശിച്ചു.

(10.8.'47)

യേശുവിൻെറ സുവിശേഷം ജീവിതം കൊണ്ടു വ്യാഖ്യാനിച്ച മദർ തെരേസ

മാർ ജേക്കബ് തൂങ്കുഴി

(തൃശൂർ ആർച്ച് ബിഷപ്പ്)

കൽക്കത്തയിൽ 1974—ൽ നടന്ന ഒരു നേതൃപരിശീലന പരിപാടിയിൽ പങ്കെടുക്കാൻ അവസരം ലഭിച്ചത് ജീവിതത്തിലെ അനർഘ അനുഭവമാണ്. ഇന്ത്യയിലെ കത്തോലിക്കാ സഭയിലെ വിവിധ മേഖലകളിൽ നേതൃസ്ഥാനം വഹിക്കുവർക്ക് വേണ്ടിയായിരുന്നു പരിശീലനം. കേരളത്തിൽ നിന്നുള്ള ബിഷപ്പുമാരിൽ ഒരാളായിരുന്നു ഞാൻ. ബിഷപ്പായി സ്ഥാനമേറ്റ് ഒരു വർഷം തികഞ്ഞിരുന്നില്ല അന്ന്. ചെറുപ്പക്കാരനായ ബിഷപ്പായിരുന്നു അവിടെ ഞാൻ.

പ്രാർഥനക്കും പരിശീലനത്തിനും ആയി പല ഗ്രൂപ്പുകൾ തിരിച്ചിരുന്നു. ഞാൻ ഉൾപ്പെടുന്ന ഗ്രൂപ്പിൻെറ ലീഡർ മദർ തെരേസയായിരുന്നു. അന്ന് മദർ തെരേസ അത്രയും പ്രസിദ്ധയായി കഴിഞ്ഞിട്ടില്ല. പതുക്കെപ്പതുക്കെ ഔന്നത്യത്തിലേക്ക് കയറിവരുന്നതേ ഉണ്ടായിരുന്നുള്ളു. പ്രാർഥനാ വേളകളിൽ മദർ തെരേസയുടെ സാന്നിധ്യം വലിയ അനുഭവങ്ങളായിരുന്നു; ശക്തി പകർന്നതായിരുന്നു. പ്രാർഥനാവേളകളിൽ അവർ പാവങ്ങളുടെ കാര്യങ്ങൾ ഓർമിപ്പിക്കും; പാവപ്പെട്ടവരുടെ കാര്യങ്ങളിൽ സഭ ശക്തമായി ഇടപെടണമെന്നാവശ്യപ്പെടുകയും ചെയ്യുമായിരുന്നു. മറ്റൊന്നിനെക്കുറിച്ചും അമ്മ പറയാറില്ല.



'അമ്മ' —യൂസഫ് അറയ്ക്കലിൻെറ പെയിൻറിംഗ്

പ്രാർഥനക്കനുസൃതമായ ജീവിതമായിരുന്നു മദറിൻേറത്. പ്രാർഥനകൾ ചില സന്ദർഭങ്ങളിൽ പലർക്കും മടുപ്പുതോന്നിക്കാറുണ്ടാവും. എന്നാൽ മദർ തെരേസയുടെ പ്രാർഥനാ സാരള്യം അവസാനിക്കല്ലേ എന്ന മോഹമാണ് എല്ലായെപ്പോഴും ഉളിച്ചിരുന്നത്.

യേശുവിൻെറ സുവിശേഷങ്ങൾ പ്രസംഗങ്ങളിലൂടെയും എഴുത്തുകളിലൂടെയും വ്യാഖ്യാനിക്കുകയാണ് നാമെല്ലാവരും. ഇക്കൂട്ടരിൽ മദർ തെരേസയുടെ വാക്കുകൾ ദുർബലമാണ്. ജീവിതത്തിലൂടെയാണ് അവർ സുവിശേഷം വ്യാഖ്യാനിച്ചത്. ജീവിതം കൊണ്ട്, യേശുവിൻെറ സുവിശേഷത്തിന് ഈ നൂറ്റാണ്ടിൽ ശക്തമായ വ്യാഖ്യാനം നൽകിയ വ്യക്തി മദർ തെരേസ മാത്രമാണ്.

മദർ തെരേസ ജന്മം നൽകിയ സ്ഥാപനങ്ങൾ സന്ദർശിക്കാനും കൽക്കത്തയിൽ ചെലവഴിച്ച ദിവസങ്ങളിൽ അവസരം കൈവന്നത് മഹാഭാഗ്യമായി. അവിടെ ആരും ഒന്നും സംസാരിക്കേണ്ടതില്ല, വിശദീകരിച്ചു തരേണ്ടതില്ല. പക്ഷേ, ആരും വിശദീകരിക്കാതെ തന്നെ നന്മനിറഞ്ഞ പ്രവർത്തനങ്ങളെ വ്യക്തമായി അനുഭവിക്കാനാവുന്നു. മദർ തെരേസയുടെ സ്ഥാപനങ്ങളിലെ അന്തേവാസികൾ ലോകത്തിലെ ഏറ്റവും പരിത്യക്തരും

വേദനിക്കുന്നവരുമാണ്. പക്ഷേ, അവരേപ്പോലെ സന്തുഷ്ടിയുള്ളവർ വേറെ കാണില്ല; തീർച്ച. അവരെ ശുശ്രൂഷിക്കുന്ന സഹോദരിമാർ ചെയ്യുന്ന കഠിനാധ്വാനം ആരും പറഞ്ഞുതരാതെ തന്നെ ബോധ്യമായി. ആരും ആരേയും ഒന്നിനും നിർബന്ധിക്കുന്നില്ല; എന്നാൽ കാര്യങ്ങൾ എല്ലാം ഭംഗിയായി നടന്നുവരുന്നു.

സ്വർഗത്തെക്കുറിച്ച് ഒട്ടേറെ പ്രസംഗിച്ചിട്ടുണ്ട് ഞാൻ. എല്ലാവരും സന്തോഷിക്കുകയും സമാധാനിക്കുകയും ചെയ്യുന്ന ഇടമായി സ്വർഗത്തെ കണക്കാക്കുന്നു. മദർ തെരേസയുടെ സ്ഥാപനങ്ങൾ കണ്ടപ്പോൾ സ്വർഗം ഭൂമിയിലാണെന്ന് ബോധ്യമായി.

മദർ തെരേസയുടെ വിനയം മനസ്സിനെ വല്ലാത്ത അവസ്ഥയിലാക്കും. ഒരനുഭവം ഇവിടെ എടുത്തുപറയട്ടെ: മുംബൈയിൽ നിന്ന് വിമാനത്തിൽ കൊച്ചിയിലേക്ക് യാത്ര ചെയ്യുകയായിരുന്നു. മദർ തെരേസയുടെ സഹയാത്രികനായി അവരോടൊപ്പമുണ്ടായ യാത്ര ഒരു മഹാഭാഗ്യമായി ഇന്നും കരുതുന്നു. ഞാനവരുടെ അടുത്തേക്ക് ചെല്ലാനും സംസാരിക്കാനുമാണാഗ്രഹിച്ചത്. പക്ഷേ, മറിച്ചാണ് ഉണ്ടായത്. അവർ എൻെറ അടുത്തു വരികയും വിനീതമായി സംസാരിക്കുകയും ചെയ്തു. മൂന്ന് കാര്യങ്ങളാണവർ പറഞ്ഞത്. ഒന്ന് — പാവങ്ങൾക്ക് വേണ്ടി നന്നായി പ്രവർത്തിക്കുക, രണ്ട് — പ്രാർഥനയോടെയുള്ള പ്രവർത്തനങ്ങളെ വിജയിക്കൂ, മൂന്ന് — സമാധാനം എന്ന് പറയുന്നത് പങ്കുവെയ്ക്കലാണ്.

ഈ മൂന്ന് കാര്യങ്ങൾ അടങ്ങുന്നതാണ് മദർ തെരേസയുടെ ജീവിതം. അവർ മരണം വരെ പ്രവർത്തിച്ചു; പ്രാർഥനാ നിരതയായി പ്രവർത്തിച്ചു; ഫലം പങ്കുവെക്കലായിരുന്നു.

ക്രിസ്തുവിൻെറ സുവിശേഷം ഇന്ത്യയുടെ പശ്ചാത്തലത്തിൽ പ്രസക്തമാണെന്നും മദർ തെരേസ പഠിപ്പിച്ചു; കാണിച്ചുകൊടുത്തു. വർണ വർഗ വിവേചനമില്ലാതെ, എല്ലാവരും ഒന്നാണെന്നും ഒരു കുടുംബമാണെന്നും ജീവിതംകൊണ്ട് തെളിയിച്ച മഹാ പ്രതിഭയാണ് മദർ തെരേസ.

ഇരുട്ടിൻെറ ലോകത്തിലേക്ക് സേവനത്തിൻെറ കൈത്തിരിയുമായി

ലാളിത്യത്തിൻെറ, കാരുണ്യത്തിൻെറ പ്രതിരൂപം

ഡോ. അലക്സാണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്ത

(മാർത്തോമ്മാ സഭ പരമാധ്യക്ഷൻ)

വർഷങ്ങൾക്കുമുമ്പ് മദറിനെ കൽക്കത്തയിൽ ചെന്നുകണ്ടത് ഞാൻ ഓർക്കുന്നു. മദർ താമസിച്ചിരുന്ന മുറിയുടെ വാതിൽക്കൽ ഇട്ടിരുന്ന ഒരു ബെഞ്ചിൽ ആയിരുന്നു എല്ലാ അതിഥികളെയും സ്വീകരിച്ചിരുത്തിയിരുന്നത്.

ആ ബെഞ്ചിലിരുന്ന് പ്രവർത്തനങ്ങളെപ്പറ്റി സംസാരിക്കവേ എൻെറ ഇടതുകൈയിൽ പിടിച്ച് ഓരോ വിരലും തലോടിക്കൊണ്ട് മദർ പറഞ്ഞു ''യു ഡിഡ് ഇറ്റ് അൺറ്റു മി'' ക്രിസ്തു പറഞ്ഞ അഞ്ചു വാക്കുകൾ ഉദ്ധരിച്ച്, പാവപ്പെട്ടവർക്കുവേണ്ടി ചെയ്യുന്ന എല്ലാ സേവനവും യേശുവിനുവേണ്ടി ചെയ്യുന്നെന്ന പരമസത്യം മദർ ഓർമ്മിപ്പിക്കുകയായിരുന്നു.

യേശുവിൽ ഉള്ള പരിപൂർണ്ണമായ പ്രബുദ്ധതയുടെ പ്രകാശനമായിട്ടാണ് മദറിൻെറ സേവനങ്ങളെ ഞാൻ കണ്ടത്.

ഏട്ടു വർഷത്തിനു മുമ്പ് മദർ തിരുവല്ലയിൽ വന്നു. മാർത്തോമ്മാ സഭയുടെ ആഭിമുഖ്യത്തിലുള്ള സേവികാസംഘം നടത്തുന്ന അനാഥശാല സന്ദർശിച്ചത് വലിയൊരു ഭാഗ്യമായി. അന്ന് അനാഥശാലയിലെ കുഞ്ഞുങ്ങൾക്ക് സാന്ത്വനമേകിയിട്ടാണ് മദർ പോയത്. ലാളിത്യത്തിൻെറ, സ്നേഹത്തിൻെറ, കാരുണ്യത്തിൻെറ ഒക്കെ പ്രതിരൂപമായിരുന്നു മദർ. അതോടൊപ്പം വിനയവും സ്വയംത്യാഗവും ആ ജീവിതത്തിൽ നിറഞ്ഞുനിന്നിരുന്നു.

നന്മയുടെയും സ്നേഹത്തിൻെറയും മൂർത്തിമദ്ഭാവമായിരുന്ന മദറിൻെറ വിയോഗം ലോകം കേട്ടത് അത്യധികം വേദനയോടെയാണ്. എവിടെ വേദനയുണ്ടോ, കഷ്ടപ്പാടുണ്ടോ അവിടെയെല്ലാം കാരുണ്യം നിറഞ്ഞ ഹൃദയത്തോടെ ഓടിയെത്തി ആശ്വാസമരുളിയ ആ മഹദ്ജീവിതം ലോകത്തേവർക്കും മാതൃകയും ആദരണീയവുമാണ്.

ഇന്ത്യയിൽ മാത്രമല്ല, ലോകത്തിൻെറ നാനാ ഭാഗങ്ങളിലും കരുണാലയങ്ങൾ സ്ഥാപിക്കുന്നതിനും ആ ചുവടുപിടിച്ച് ഒരു വലിയ സമൂഹത്തെ 'സിസ്റ്റേഴ്സ് ഓഫ് മെഴ്സി' വാർത്തെടുക്കുന്നതിനും മദറിനു സാധിച്ചു.

ധനവാനെന്നോ ദരിദ്രനെന്നോ ഉള്ള വ്യത്യാസം കൂടാതെ എല്ലാവരെയും ഒരുപോലെ കാണുകയും സ്നേഹിക്കുകയും ചെയ്ത ആ ജീവിതം സകലപേർക്കും ദൃഷ്ടാന്തമായിരുന്നു.

ആ കരുണാമൂർത്തിയുടെ സേവന പ്രവർത്തനങ്ങൾ മറ്റു സഭകൾക്കെന്നപോലെ മാർത്തോമ്മാ സഭയ്ക്കും എന്നും പ്രചോദനമായിരിക്കും.

മദറിൻെറ നിര്യാണത്തിൽ അഗാധമായ ദുഃഖവും അനുശോചനവും രേഖപ്പെടുത്തുന്നു.



'മദർ' —എം.എഫ്. ഹുസൈൻെറ രചന

ടാർസൻ ® എഡ്ഗാർ റൈസ് ബറാസ്



WAIT! WAIT—! TARZAN IS STILL INSIDE—!
DIST. BY ASIA FEATURES
TARZAN! GET OUT—!
CRASH!

ഏയ് നിൽക്കൂ..... ടാർസൻ അകത്തുണ്ട്....
ടാർസൻ.... പുറത്തുവരൂ.....

ആക്ഷേപങ്ങളും അഭിപ്രായങ്ങളും

സ്വർണത്തിൻെറ നിറം മാറ്റം

മാവൂരിലെ ഒരു വീട്ടിലെ ആഭരണങ്ങൾ നിറം മാറുകയും പൊടിഞ്ഞുപോവുകയും ചെയ്തു എന്ന പ്രതിഭാസത്തിലെ ദുരൂഹതയിലേക്ക് വെളിച്ചം വീശുന്ന ഒന്നുരണ്ട് കാര്യങ്ങൾ കുറിക്കട്ടെ.

മെർക്കുറി (രസം)യുടെ സാന്നിധ്യമാണ് ഈ പ്രതിഭാസത്തിന് പിന്നിലെന്ന് നമുക്ക് ഉറച്ചു വിശ്വസിക്കാം. സ്വർണത്തിൻെറ നിറം മാറാനും പൊടിയാനും മെർക്കുറി നേരിട്ട് ആഭരണത്തിൽ തട്ടണമെന്നില്ല. ഇതിൻെറ അംശം ഏതെങ്കിലും തരത്തിൽ പുകഞ്ഞ്, ആ പുക സ്വർണാഭരണങ്ങളിൽ തട്ടിയാൽ അത് വെളുക്കുകയും. ചിലർക്ക് ശരീരത്തിൽ ചൊറിച്ചിൽ അനുഭവപ്പെടുകയും ചെയ്യും. ഇത്തരത്തിൽ വെളുത്തുപോയ ആഭരണങ്ങൾ ഉടനെ ചെറിയ അനുപാതത്തിൽ ചൂടാക്കി നേർപ്പിച്ച സൾഫ്യൂരിക് ആസിഡിൽ ഇട്ടാൽ സ്വർണത്തിൻെറ നിറം തിരിച്ചുകിട്ടും. മെർക്കുറിയുടെ അംശം തട്ടിയ ആഭരണങ്ങൾ കൂടുതൽ സമയം കഴിഞ്ഞാൽ സ്വർണത്തിലടങ്ങിയിരിക്കുന്ന ചെമ്പിൻെറ അംശവും, തങ്കവും മെർക്കുറിയും ചേർന്ന് ''ഗോൾഡ് അമാൽഗം'' ഉണ്ടാവുകയും അതെടുത്ത് ഒന്നമർത്തിമുട്ടിയാൽ പൊടിഞ്ഞുപോവുകയും ചെയ്യും.

ഈയത്തിൻെറ സ്വാധീനമാവാം ഈ പ്രതിഭാസത്തിന് പിന്നിലെന്ന അഭിപ്രായത്തോട് യോജിക്കാൻ കഴിയില്ല. കാരണം ഈയത്തിൻെറ അംശം കൂട്ടി ഉരുക്കിയ സ്വർണക്കട്ടികൊണ്ട് ഒരുതരത്തിലുള്ള ആഭരണങ്ങളും പണിയാൻ പറ്റുകയില്ല. ഈയം മാത്രമല്ല, പിത്തള, ഓട് മുതലായ ലോഹങ്ങൾ കൂട്ടി ഉരുക്കിയാലും സ്വർണം പൊടിഞ്ഞുപോകും.

—പാർഥാസ് സുരേന്ദ്രൻ
നാദാപുരം